LIBRARY ARCHIVES Kerala Legislative Assembly

സി.ടി. സ്കാനർ സ്ഥാപിച്ചു. അതുപോലെ, 716.07 കോടി രൂപ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ട്രോമാ കെയർ സംബന്ധിച്ച കാര്യങ്ങൾ സുദീർഘമായതിനാൽ പ്രസ്തുത വിവരങ്ങൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*. ട്രോമാ കെയറിന്റെ പണി നാലുമാസത്തിനുള്ളിൽ തീർക്കുമെന്ന് എച്ച്.എൽ.എൽ. ഉറപ്പുനൽകിയിട്ടുണ്ട്. എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് കോഴിക്കോട്ടും തിരുവനന്തപുരത്തും കോട്ടയത്തുമുണ്ട്. തൃശ്ശൂരും ആരംഭിക്കേണ്ടതിനാൽ അത്യാവശ്യമായി അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ട്രോമാ കെയർ നിലവിൽ വരുന്ന മുറയ്ക്ക് NMC (National Medical Commission)-യുടെ നിബന്ധനകൾ പ്രകാരം അത്യന്താപേക്ഷിതമായ എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആരംഭിക്കും. ബാക്കി ഉത്തരങ്ങൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## VI റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VII ഗവൺമെന്റ് പ്രമേയം

2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്നത് സംബന്ധിച്ച്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):സർ, കേന്ദ്ര സർക്കാർ 2003-ലെ വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള കരട് ബിൽ 2021 ഫെബ്രുവരി 5-ന് സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നു. പ്രസ്തുത ബില്ലിലെ വകുപ്പുകൾ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും മറ്റു ചില നിർദ്ദേശങ്ങളിലുള്ള ശക്തമായ വിയോജിപ്പും കഴിഞ്ഞ മാർച്ച് 15-നുതന്നെ കേന്ദ്രസർക്കാരിന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. വൈദ്യുതി വിതരണമേഖല പൊതുമേഖലയിൽത്തന്നെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയും കരട് ബില്ലിലെ വിവിധ നിർദേശങ്ങളിലുള്ള ആശങ്കയും ഉത്കണ്ഠയും രേഖപ്പെടുത്തി ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആർ. കെ. സിംഗിന് ജൂലൈ മാസം 23-ന് വീണ്ടും കത്തയച്ചിരുന്നു. വൈദ്യുതി നിയമം ഭേദഗതി ബിൽ നടപ്പിലായാൽ കർഷകർക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും വൈദ്യുതി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.